ഒരു വർഷത്തെ വൈദ്യുതിമോഷണം

221 [1163] *ശ്രീ. റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:*

,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്കാഡ് എത്ര പരിശോധന നടത്തിയെന്ന് അറിയിക്കാമോ;

(ബി) പരിശോധനയിൽ എത്ര രൂപയുടെ വൈദ്യുതിമോഷണവും ക്രമക്കേടുകളും കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ;

(സി) ഏറ്റവും കൂടുതൽ വൈദ്യുതിമോഷണവും ക്രമക്കേടും നടന്ന ജില്ല ഏതാണ്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) വൈദ്യുതിമോഷണവും ക്രമക്കേടും സംബന്ധിച്ച് ജീവനക്കാർ പ്രതികളായ എത്ര കേസുകൾ സ്കാഡ് കണ്ടെത്തിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 10287 പരിശോധനകൾ നടത്തി.

(ബി) 33,48,77,572 രൂപയുടെ വൈദ്യുതിമോഷണവും 6,97,07,354 രൂപയുടെ മറ്റു ക്രമക്കേടുകളും കണ്ടെത്തി.

(സി) ഏറ്റവും കൂടുതൽ വൈദ്യുതിമോഷണവും ക്രമക്കേടുകളും നടന്ന ജില്ല തിരുവനന്തപുരമാണ്. ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

ജില്ല	*വൈദ്യുതി മോഷണം*	*മറ്റു ക്രമക്കേടുകൾ*
(1)	(2)	(3)
തിരുവനന്തപുരം	109	574
കൊല്ലം	32	119
ആലപ്പുഴ	10	39
പത്തനംതിട്ട	5	151
കോട്ടയം	45	416
ഇടുക്കി	4	49

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
എറണാകുളം	40	314
തൃശ്ശൂർ	24	155
പാലക്കാട്	44	140
മലപ്പുറം	9	53
വയനാട്	-	15
കോഴിക്കോട്	8	202
കണ്ണൂർ	22	140
കാസർഗോഡ്	13	50
ആകെ	365	2417

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണവും ക്രമക്കേടും സംബന്ധിച്ച് ജീവനക്കാർ പ്രതികളായ 4 കേസുകൾ സ്കാഡ് കണ്ടെത്തിയിട്ടുണ്ട്.

കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നീ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ

222 [1164] *ശ്രീ. കെ. ബി. ഗണേഷ്കുമാർ:*

,, *ജോണി നെല്ലൂർ:*

,, *ആർ. ബാലകൃഷ്ണപിള്ള:*

,, *ഷിബു ബേബി ജോൺ:*

,, *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നീ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) വർഷത്തിൽ 12 മാസവും വൈദ്യുതി ഉൽപ്പാദനത്തിനായി എന്തെല്ലാം നൂതനസമ്മിശ്ര (ഹൈബ്രിഡ്) പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതിനായി ഓരോ പഞ്ചായത്തിലും എനർജി കോർപ്പറേറ്റീവ്സ് രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഇവയ്ക്കുവേണ്ട സാങ്കേതികസഹായം കേരള എനർജി ഡെവലപ്മെന്റ് ഏജൻസിയിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly